പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1680 — 04.12.2015 ലെ മറുപടിയ്ക്ക്

**കർഷകസഹായ പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.കെ.ബാലൻ<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീമതി.കെ.കെ.ലതിക<br>ശ്രീ.സി.കൃഷ്ണൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ശക്തമായ മഴയിൽ വിളനാശം സംഭവിച്ച കർഷകർക്ക് നിലവിൽ ലഭ്യമാക്കുന്ന നഷ്ടപരിഹാരം കുറവായതിനാൽ തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ;<br><br>(ബി) ഉല്പാദനച്ചെലവ് വളരെ കൂടുതലും നഷ്ടപരിഹാരം വളരെ കുറവുമായ സാഹചര്യത്തിൽ കർഷകരെ ആത്മഹത്യയിൽ നിന്നും രക്ഷിക്കാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ; | (എ) & (ബി) പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് 11-06-2012-ലെ സ.ഉ.(എംഎസ്.)-നം. 239/2012/ഡിഎംഡി ഉത്തരവ് പ്രകാരം നിശ്ചയിച്ചിരുന്ന നിരക്കിലാണ് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF)നിന്ന് ധനസഹായം നൽകി വന്നിരുന്നത്. അതതു കാലത്ത് കേന്ദ്രസർക്കാർ നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ് SDRF - ൽ നിന്ന് ധനസഹായം നൽകുന്നത്. SDRF മാനദണ്ഡം കേന്ദ്ര സർക്കാർ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 16-01-2012 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 12-09-2012-ലെ ജി.ഒ.(എംഎസ്.) നം. 343/2012/ഡിഎംഡി ഉത്തരവിന്റെ പരിധിയിൽ നിന്ന് സ. ഉ.(എംഎസ്.)നം. 239/2012/ഡിഎംഡി ഉത്തരവ് പ്രകാരം ധനസഹായം നിശ്ചയിച്ചിരുന്ന വിളകളെ ഒഴിവാക്കിയിരുന്നതിനാൽ പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള വിളകൾക്ക് അതിൽ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ധനസഹായം ലഭിക്കുമായിരുന്നു.<br>എന്നാൽ SDRF മാനദണ്ഡം കേന്ദ്ര സർക്കാർ വീണ്ടും പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 01-03-2013 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 25-10-2013-ലെ ജി.ഒ.(എംഎസ്.) നം. 470/2013/ഡിഎംഡി ഉത്തരവിലും ഇതേ രീതിയിൽ തുടർന്ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലും മേല്പറഞ്ഞ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കർഷകർക്കു ലഭിക്കുന്ന ധനസഹായത്തിൽ കുറവ് വന്നിട്ടുണ്ട്. ഇപ്രകാരം ധനസഹായത്തിൽ വന്ന കുറവ് നികത്തുന്നതിന് ആവശ്യമായ തുക കൃഷി വകുപ്പിന്റെ ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നതിന് 01.04.2015 മുതൽ പ്രാബല്യത്തിൽ 29.09.2015 ലെ സ.ഉ.(കൈ) നം. 182/2015/കൃഷി പ്രകാരം അനുമതി നൽകിയിട്ടുണ്ട്. |
| (സി) കാർഷിക ബാങ്കുകൾക്ക് വായ്പ അനുവദിക്കുന്നതിൽ നബാർഡ് ഏർപ്പെടുത്തിയ വ്യവസ്ഥകൾ മൂലം കാർഷിക വായ്പകൾ അനുവദിക്കുന്നതിൽ പ്രതിസന്ധി നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ? | (സി) കാർഷിക ബാങ്കുകൾക്ക് വായ്പ അനുവദിക്കുന്നതിൽ നബാർഡ് ഏർപ്പെടുത്തിയ വ്യവസ്ഥകൾ മൂലം കാർഷിക വായ്പകൾ അനുവദിക്കുന്നതിൽ പ്രതിസന്ധി നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ